പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 267 04.06.2018-ൽ മറുപടിക്ക്

ട്രോമാകെയർ നയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീമതി. ഇ.എസ്.ബിജിമോൾ<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ. എൽദോ എബ്രഹാം | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സർക്കാരിന്റെ ട്രോമാകെയർ നയം വിശദമാക്കുമോ ; | എ) | സംസ്ഥാനത്ത് റോഡപകടങ്ങളിൽപ്പെട്ട് ജീവൻ നഷ്ടപ്പെടുന്നവരുടെ എണ്ണം കുറയ്ക്കുവാൻ സർക്കാർ സ്വകാര്യ പങ്കാളിത്തത്തോടുകൂടി ഇടപെടുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിനായി ആംബുലൻസുകൾ സംസ്ഥാനത്താകമാനം സ്വകാര്യ- സർക്കാർ പങ്കാളിത്തത്തോടെ വിന്യസിക്കുക, സർക്കാർ മേഖലയിൽ ട്രോമാകെയർ യൂണിറ്റുകൾ വികസിപ്പിക്കുക, അപകടത്തിൽപ്പെട്ട ആദ്യത്തെ 48 മണിക്കൂർ വരെ ഇൻഷുറൻസ് മുഖാന്തരം സൗജന്യ ചികിത്സ നൽകുക എന്നിവയാണ് സമഗ്ര ട്രോമാകെയർ നയത്തിൽ വിഭാവനം ചെയ്തിട്ടുള്ളത്. |
| ബി) | സംസ്ഥാനത്ത് എവിടെ അപകടമുണ്ടായാലും ഒറ്റ മൊബൈൽ നമ്പരിൽ ബന്ധപ്പെട്ടാൽ ആംബുലൻസ് സഹായം ലഭ്യമാകുന്ന തരത്തിൽ സംവിധാനം നിലവിലുണ്ടോ; വ്യക്തമാക്കുമോ; | ബി) | സംസ്ഥാനത്ത് എവിടെ അപകടം ഉണ്ടായാലും ടോൾ ഫ്രീ ബന്ധപ്പെട്ട ആംബുലൻസ് സഹായം ലഭ്യമാക്കുന്നതിനായി 315 ആംബുലൻസുകൾ സംസ്ഥാനത്ത് ഒട്ടാകെ വിന്യസിച്ച് കേന്ദ്രീകൃത കൺട്രോൾ റൂം ജി,പി.എസ് സംവിധാനങ്ങളും ഉപയോഗിച്ച് പ്രവർത്തിക്കുന്നതിനായി 27.03.2018 ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് ഒരു ടെൻഡർ വിളിക്കുകയും അതിന്റെ ഫലമായി രണ്ട് കമ്പനികൾ അതിൽ ടെൻഡർ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ടെൻഡറിന്റെ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സംസ്ഥാനത്ത് ഒട്ടാകെ ആംബുലൻസുകളുടെ സേവനം ലഭ്യമാകുന്ന തരത്തിൽ സംവിധാനം നിലവിൽ വരുന്നതാണ്. |
| സി) | ട്രോമാകെയർ ശൃംഖലയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | സി) | Mobile/app based Ambulance network ന് വേണ്ടി 315 ആംബുലൻസുകളുടെ സേവനം ലഭിക്കാനുള്ള പദ്ധതിയ്ക്ക് വേണ്ടി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന e-tender നടപടികൾ സ്വീകരിച്ച് വരുന്നു. |
| ഡി) | പ്രസ്തുത ശൃംഖലയിലെ ആംബുലൻസുകളുടെ നിരക്കുകൾ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ? | ഡി) | പ്രസ്തുത ആംബുലൻസുകളുടെ സേവനം പൊതുജനങ്ങൾക്ക് സൗജന്യമായി നൽകുവാനാണ് തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ